# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.195

### 14-06-2019 ൽ മറുപടിക്ക്

### കിഫ്ബി ബോണ്ട് വഴി സമാഹരിച്ച തുക

| ചോദ്യം<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എം. വിൻസെന്റ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ഷാഫി പറമ്പിൽ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി ബോണ്ട് വഴി ഇതുവരെ സമാഹരിച്ച തുക ഏതൊക്കെ പദ്ധതികളിലാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്; | കിഫ്ബി ബോണ്ടുകൾ വഴി സമാഹരിക്കുന്ന തുകകൾ ബോർഡ് അംഗീകാരം നൽകുന്ന പദ്ധതികൾക്ക് പൊതുവായാണ് ചെലവാക്കുന്നത്. |
| (ബി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ഈ തുക വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | കിഫ്ബി ബോണ്ട് വഴി സമാഹരിച്ച തുക കിഫ്ബി അംഗീകരിച്ചിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾക്കായി ജനങ്ങളിൽ നിന്നും ലഭിച്ച തുക പോലും ചെലവഴിക്കാൻ സാധിക്കാത്തതായി ആക്ഷേപമുള്ള സാഹചര്യത്തിൽ വീണ്ടും കടമെടുക്കുന്നതിന്റെ യുക്തി വിശദമാക്കാമോ? | ബഡ്ജറ്റിനതീതമായി ധനസമാഹരണം നടത്തി സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനം നടത്തുന്നതിനായാണ് കിഫ്ബി സംവിധാനം ഏർപ്പെടുത്തിയത്. ഏകദേശം 50,000 കോടി രൂപയുടെ പദ്ധതികളാണ് സംസ്ഥാനത്ത് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അത്രയും പണം സമാഹരിക്കുന്നതിനായി നൂതന സാമ്പത്തിക സ്രോതസ്സുകൾ ഉൾപ്പെടെ വിവിധ മാർഗ്ഗങ്ങളിലൂടെ ധന സമാഹരണം നടത്തിയാൽ മാത്രമേ ഉന്നത നിലവാരത്തിലുള്ള വൻകിട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. കേരള നിയമസഭ ഐകകണ്ഠേന അംഗീകരിച്ച കിഫ് ആക്ടിന്റെ വ്യവസ്ഥകൾക്കനുസൃതമായാണ് കിഫ്ബി |

| | |
|---|---|
| | പദ്ധതികൾക്കായുള്ള ധനസമാഹരണവും തിരിച്ചടവും ക്രമീകരിച്ചിട്ടുള്ളത്. കൃത്യമായ പദ്ധതി രൂപരേഖയുടെയും ധന വിനിയോഗ പ്രക്രിയയുടെയും അടിസ്ഥാനത്തിലാണ് കിഫ്ബി ധനസമാഹരണം നടത്തുന്നതും ,ചെലവഴിക്കുന്നതും. കിഫ്ബി ഇതുവരെ അംഗീകരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളുടെ നിർവഹണ പുരോഗതി കിഫ്ബി മാതൃകയുടെ യുക്തി സാധൂകരിക്കുന്നു. ആയതിനാൽ ഇത്തരം ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. |

സെക്ഷൻ ഓഫീസർ